ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

54(2663) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപ വിനിയോഗിച്ചു നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 4 സർക്കാർ പോളിടെക്നിക്കുകളിലും 2014-2015 വർഷം, ടെക്നോളജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും, പദ്ധതിക്കായി 75 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിലേക്കായി ഓരോ സ്ഥാപനങ്ങളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനും, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികൾ, സോഫ്റ്റ്വെയറുകൾ ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, ക്ലാസ് മുറികൾ, റ്റി.ബി.ഐ. ഓഫീസ് എന്നിവ ക്രമീകരിക്കുക, കൃബിക്കളുകൾ നിർമ്മിക്കുക, സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക, ട്രെയിനിംഗ് പ്രോഗ്രാം നടത്തുക എന്നീ പ്രവർത്തനങ്ങൾക്കുമായി 2014-15 വർഷം 58.36 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജ്

55(2664) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ആവശ്യത്തിന് ഭൗതികസാഹചര്യമുള്ള പ്രസ്തുത സ്ഥാപനത്തിൽ പ്രസ്തുത കോഴ്സ് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ തടസ്സങ്ങൾ നീക്കി അടുത്ത അദ്ധ്യയന വർഷം മുതൽ മേൽ കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ഡിപ്ലോമ കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ഇതിന്റെ സാമ്പത്തിക ബാദ്ധ്യത, അദ്ധ്യാപകരുടെ എണ്ണം, ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിഷയങ്ങൾ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly